# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM9 /2872/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/01/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM9 /2872/22 തീയ്യതി: 03/01/2023

## മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-11-2022 മുതൽ 19-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 10-11-2022 | 19-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-11-2022 | 19-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുന്നാസർ പി. ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹമ്മദ് സലീം ടി. അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. ലത. ഒ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശാഹിദ മുഹമ്മദ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ഹുസൈൻ എം.എ | സെക്രട്ടറി | 01-04-2021 | 24-10-2021 |
| ശ്രീമതി. ഗീത പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-10-2021 | 19-12-2021 |
| ശ്രീ. കെ.പി.എം നവാസ് | സെക്രട്ടറി | 20-12-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഗീത.പി | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. അരുൺ ടി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ഡോ. ജയനാരായണൻ എ.എം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. സ്മിത എസ് | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. ജിഷലി എ.എൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി. സുധ എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. മഹിത പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.ഷഫീഖ് കെ | വി.ഇ.ഒ | 01-04-2021 | 23-08-2021 |
| ശ്രീ. അനിൽകുമാർ കെ | വി.ഇ.ഒ | 24-08-2021 | 31-03-2022 |
| ശ്രീമതി. അജിത എം | ഹെഡ്മിസ്ട്രസ് | 01-03-2021 | 30-11-2021 |
| ശ്രീ.സോമരാജ് കെ | ഹെഡ്മാസ്റ്റർ | 01-12-2021 | 31-03-2022 |
| ഡോ. ഷാഹുൽ ഹമീദ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ. ശിവപ്രസാദ്.പി.എസ്. | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. | 1-5-1 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 13 | വിവിധ സ്ഥാപനങ്ങൾക്ക് അഞ്ച് വർഷത്തേക്ക് അനുവദിച്ച ലൈസൻസ് -അപാകത. | 1-12 |
| 14 | കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം. | 1-13 |
| 15 | ലൈസൻസ് ഫീസ് കുറവായി ഈടാക്കി-33,000 രൂപ ഈടാക്കി. | 1-14 |
| 16 | വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാത്തത്- 31971 രൂപ അടവാക്കി | 1-15 |
| 17 | സർക്കാർ ഉത്തരവ് പ്രകാരമുള്ള വിജ്ഞാപനം ചെയ്തില്ല. | 1-16 |
| 18 | മരുന്ന മുഴുവനും ലഭ്യമായില്ല | 1-17 |
| 19 | പോഷകാഹാര വിതരണം - അപാകതകൾ | 1-18 |
| 20 | കാർഷിക മേഖലയിൽ നടപ്പിലാക്കിയ പ്രൊജക്ടുകൾ - അപാകതകൾ | 1-19 |
| 21 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ - മുഴുവനും വിതരണം ചെയ്തില്ല. | 1-20 |
| 22 | മുതിർന്ന പൗരൻമാർക്ക് കട്ടിൽ വിതരണം-അപാകതകൾ | 1-21 |
| 23 | ദുരിതാശ്വാസ നിധി രൂപീകരിച്ചില്ല. | 1-22 |
| 24 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-23 |
| 25 | കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കുന്നു. | 1-24 |

| | | |
|---|---|---|
| 26 | ലൈബ്രറി സെസ് യഥാസമയം അടവാക്കിയിട്ടില്ല | 1-25 |
| 27 | കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് - വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-26 |
| 28 | തുടർ വിദ്യാകേന്ദ്രം-പ്രേരകിന് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം നൽകിയ തുക തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്തിട്ടില്ല. | 1-27 |
| 29 | സുഭിക്ഷ കേരളം- പടുതക്കുളത്തിലെ മൽസ്യകൃഷി- നിർവ്വഹണത്തിലെ അപാകത സംബന്ധിച്ച്. | 1-28 |
| 30 | സുഭിക്ഷ കേരളം- ബയോഫ്ളോക്ക് മൽസ്യകൃഷി- നിർവ്വഹണത്തിലെ അപാകത സംബന്ധിച്ച്. | 1-29 |
| 31 | ഘടക സ്ഥാപന മേധാവികൾക്ക് കണ്ടിജന്റ് ചെലവ് നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-30 |
| 32 | ഫർണീച്ചറുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-31 |
| 33 | ഫീൽഡ് അളവിനേകാൾ കൂടിയ അളവിനു മൂല്യനിർണ്ണയം നടത്തി. ഗ്രാമപഞ്ചായത്ത് ഫണ്ടിനു 21317 രൂപ നഷ്ടം. | 1-32 |
| 34 | സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ് വർക്കിന്റെ നിരക്കിൽ പണം നൽകി. ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 4587 രൂപ തിരികെ അടവാക്കി | 1-33 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഫീൽഡ് അളവിനേക്കാൾ കൂടിയ അളവിനു മൂല്യനിർണ്ണയം നടത്തി. ഗ്രാമപഞ്ചായത്ത് ഫണ്ടിനു 21317 രൂപ നഷ്ടം. | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യാവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസാക്കിയ തിയ്യതി | ബജറ്റ് പുതുക്കിയ തിയ്യതി |
|---|---|
| തീരുമാനം നമ്പർ 1/1<br>24-02-2021 | തീരുമാനം നമ്പർ 1/1<br>30-03-22 |

1-1(1) ബജറ്റ് - രേഖകൾ ഹാജരാക്കാത്തതും മറ്റ് അപാകതകളും .

1994-കേരള രാജ് ആക്ട് വകുപ്പ് 214 ഉപ വകുപ്പ് (1) പ്രകാരം സർക്കാർ അതാത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് തയ്യാറാക്കേണ്ടതാണ്. 24.02.2021 ലെ 1/1 നമ്പർ തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

A) ബജറ്റ് രൂപീകരണം സംബന്ധിച്ച താഴെപറയുന്ന രേഖകൾ ഹാജരാക്കിയില്ല.

1. മെഡിക്കൽ ഓഫീസർ( ആയുർവ്വേദം, പി.എച്ച്.സി, ഹോമിയോ), വി.ഇ.ഒ, വെറ്റിനറി സർജൻ, ഹെഡ് മാസ്റ്റർ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ എന്നിവർ സമർപ്പിച്ച Annexure 1&2 പ്രകാരമുള്ള ബജറ്റ് പ്രൊപ്പോസലുകൾ മാത്രമാണ് ഹാജരാക്കിയത്. മറ്റ് സ്ഥാപന തലവൻമാർ സമർപ്പിച്ച Annexure 1&2 പ്രകാരമുള്ള ബജറ്റ് പ്രൊപ്പോസലുകൾ ഹാജരാക്കിയിട്ടില്ല.

2.പഞ്ചായത്ത് ഓഫീസിന്റെ പ്രൊപ്പോസൽ Annexure 3&4 പ്രകാരം സെക്രട്ടറി തയ്യാറാക്കിയത് ഹാജരാക്കിയിട്ടില്ല.

3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചത് Annexure 5.1&5.2 ഹാജരാക്കിയിട്ടില്ല.

4.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ വാർഷിക റിവ്യൂ നടത്തി ഇതു സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് നൽകിയ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

B) ബജറ്റ് നടപടിക്രമങ്ങളും ബജറ്റ് മാന്വൽ പ്രകാരമുള്ള സമയക്രമവും പാലിച്ചില്ല

1. ബജറ്റ് രൂപീകരണം സംബന്ധിച്ച് വിവിധ സ്ഥാപന മേധാവികളുടെ യോഗം ഡിസംബർ 15 ന് മുൻപായി വിളിച്ച് ചേർക്കേണ്ടതാണ്. ആയത് പാലിച്ചതായി കാണുന്നില്ല.

2. വിവിധ സ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ ജനവരി 15ന് മുൻപായി സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ നിർദ്ദേശങ്ങൾ സമർപ്പിച്ച സ്ഥാപന മേധാവികളിൽ മെഡിക്കൽ ഓഫീർ ഹോമിയോ ആയത് സമർപ്പിച്ചത് ജനവരി 21 തിയതിയിലാണ്.

3. സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ജനവരി 22ന് മുൻപായി ചർച്ച ചെയ്യേണ്ടതാണ്. എന്നാൽ ആയത് പാലിച്ചതായി കാണുന്നില്ല.

4. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഫെബ്രുവരി 1ന് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടതാണ്. ആയത് പാലിച്ചതായി കാണുന്നില്ല.

അപാകതകൾ സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 17/2021-22/18.11.2022 ന് ലഭ്യമാക്കിയ മറുപടിയിൽ നടപടിക്രമങ്ങൾ പാലിച്ച് കൊണ്ടാണ് ബജറ്റ് രൂപീകരിച്ചത് എന്നും രേഖകൾ യഥാസമയം ഓഡിറ്റിന് ഹാജരാക്കാൻ വിട്ട് പോയതാണ് എന്നും അറിയിച്ചു. രേഖകൾ യഥാസമയം ഹാജരാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തിയതി |
|---|---|---|
| 2021-22 | 31-07-2022 | 31-07-22 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | വർഷം (2020-21) |
|---|---|
| മുന്നിരിപ്പ് | 36975137 |

| | |
|---|---|
| വരവ് | 156337204 |
| ആകെ | 193312341 |
| ചെലവ് | 136740763 |
| നീക്കിയിരിപ്പ് | 56571578 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 26248380 | 26248380 | 26213380 | 35000 |
| വികസനഫണ്ട് എസ്.സി.പി. | 0 | 16641238 | 16641238 | 15503052 | 1138186 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 150907 | 150907 | 105547 | 45360 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 11135723 | 11135723 | 10972663 | 163060 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 36766000 | 36766000 | 6931003 | 29834997 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 15259304 | 15259304 | 14781075 | 478229 |
| വികസനഫണ്ട് സി എഫ് സി ടൈഡ് ഗ്രാന്റ് | 0 | 13368807 | 13368807 | 2005726 | 11363081 |
| CFC (Unbid Basic Grant) | 0 | 5564000 | 5564000 | 4081820 | 1482180 |
| ബി ഫണ്ട് | 0 | 102258600 | 102258600 | 102258600 | 0 |

1-4(1) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധന -അപാകതകൾ

1) വിവിധ ഫണ്ട് ചെലവ്, നീക്കിയിരിപ്പ് തുകകൾ എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം | ഫണ്ടിനം | ചെലവ് | | നീക്കിയിരിപ്പ് | |
|---|---|---|---|---|---|
| | | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ACR പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ACR പ്രകാരം |
| 1 | വികസന ഫണ്ട്-ജനറൽ | 29883000 | 26213380 | -3634620 | 35000 |
| 2 | വികസന ഫണ്ട്-SCP | 15929103 | 15503052 | 712135 | 1138186 |
| 3 | വികസന ഫണ്ട്-TSP | 150742 | 105547 | 165 | 45360 |
| 4 | മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് | 10607913 | 10972663 | 527810 | 163060 |

2) CSS, SSS എന്നീ ഗ്രാന്റുകളിൽ വരവില്ല. എന്നാൽ ചുവടെ ചേർത്ത പ്രകാരം ചെലവും നെഗറ്റീവ് നീക്കിയിരിപ്പും രേഖപ്പെടുത്തിക്കാണുന്നു.

| ഗ്രാന്റ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|
| CSS | 5728220 | -5728220 |
| SSS | 13123468 | -13123468 |

(ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.23/2021-22/18.11.2022)

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 338 | 245766258 | 244 | 126200400 | 85 | 9 | 51.35 |

## 1-5-1 പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

പദ്ധതി ആസൂത്രണത്തിനും ഓരോ വിഷയ മേഖലയ്ക്കും വേണ്ടി രൂപീകരിക്കുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധപ്രവർത്തകരും ഗുണഭോക്താക്കളും അടങ്ങുന്ന വിദഗ്ധ സമിതിയാണ് വർക്കിംഗ് ഗ്രൂപ്പ്. മുൻ വർഷ

പ്രൊജക്റ്റുകളുടെ നിർവ്വഹണം വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കുക, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ സ്ഥിതി വിവരക്കണക്കുകള് ശേഖരിക്കുക , സ്റ്റാറ്റസ് റിപ്പോർട്ടുകൾ പരിഷ്കരിക്കൽ, ഓരോ പ്രൊജക്റ്റിന്റെയും അടങ്കൽ നിശ്ചയിക്കുക എന്നിവ മുതൽ ഡാറ്റ എൻട്രിക്ക് ശേഷം പ്രൊജക്റ്റ് പ്രിന്റ് ഔട്ട് പരിശോധിക്കുന്നതു വരെയുള്ള പ്രധാന ചുമതലകൾ വർക്കിംഗ് ഗ്രൂപ്പിൽ നിക്ഷിപ്തമാണ്. എന്നാൽ വർക്കിംഗ്ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ വാർഷിക പദ്ധതിയുടെ ആരംഭത്തിൽ ഒരു യോഗം ചേർന്ന് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്ന എന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം നിഷ്ക്രിയമാണ്. അത് കൊണ്ട് തന്നെ പദ്ധതികളുടെ മോണിറ്ററിംഗ് നടക്കുന്നില്ല. പ്രോജക്റ്റുകളുടെ ആവശ്യകത, അനുയോജ്യത, സാധുത, പ്രായോഗികത, എന്നീ തലങ്ങൾ സൂക്ഷ്മ വിശകലനം നടത്തുകയും ആസൂത്രണ നിർവഹണ മോണിറ്ററിങ്ങ് തലങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്യാൻ ബാധ്യസ്ഥമാണ് വർക്കിംഗ് ഗ്രൂപ്പ്. വർക്കിംഗ് ഗ്രൂപ്പുകൾ ഇക്കാര്യത്തിൽ ഫലപ്രദമായി പ്രവർത്തിച്ചിട്ടില്ലെന്ന് മിനുട്സിൽ നിന്നും വ്യക്തമാകുന്നു.

വർക്കിംഗ്ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്റ്റാൻഡിംഗ് കമ്മറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 677 | 690433 | 691110 | 690611 | 499 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 29573433 | 29573433 | 29573433 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കൾ (എണ്ണം) |
|---|---|---|
| തൊഴിൽരഹിത വേതനം | 2400 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 4904800 | 3227 |
| വിധവാപെൻഷൻ | 29207700 | 18425 |
| വാർദ്ധക്യകാല പെൻഷൻ | 54088000 | 36504 |
| ഭിന്നശേഷി പെൻഷൻ | 11584700 | 7304 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2081000 | 1306 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 390000 | 13 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.11.2021 ന് 11.52 Am ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3040/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1 . വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതികളുടെ മോണിറ്ററിംഗ് നടക്കുന്നില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

3. നിയമാനുസൃതം സൂക്ഷിക്കേണ്ടതായ രജിസ്റ്ററുകളെല്ലാം സൂക്ഷിക്കുന്നുണ്ടെങ്കിലും എൻട്രികൾ വരുത്തിയത് സൂപ്പർവൈസിംഗ് കേഡറിലുള്ള ഉദ്യോഗസ്ഥർ പരിശോധിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. (ഉദാ- സ്റ്റോക്ക് രജിസ്റ്റർ ).

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-10-2022 | 01.04.22 To | 21-10-2022 |

| | | | |
|---|---|---|---|
| | | 30.04.22 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-07-2018 | 2013-14 മുതൽ 2017-18 | 16-07-2018 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഓഡിറ്റ് റിക്കവറി ഇനത്തിൽ 1645/-രൂപ വരവുള്ളതായി വാർഷിക കണക്ക് RP10ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുകയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2) മുൻ വർഷ വാർഷിക കണക്ക് പ്രകാരം ജോയിന്റ് വെഞ്ചർ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 623000 രൂപ നീക്കിയിരിപ്പുണ്ട്. ആയതും, തൻവർഷത്തിലെ 1551100/- രൂപയും ചേർത്ത് ആകെ 2051100/- രൂപയാണ് ചെലവ്. ഇത് പ്രകാരം 123000/- രൂപ നീക്കിയിരിപ്പുണ്ടാവേണ്ടതാണ്. എന്നാൽ വാർഷിക കണക്ക് B4 ഷെഡ്യൂളിൽ ഈയിനത്തിൽ നീക്കിയിരിപ്പില്ല.

3) 15/23.03.22, 22101193/19.03.22, 22101248/31.03.22, 22101006/05.03.22, 22100938/08.02.22, 22100937/08.02.22, 22101081/23.03.22 എന്നീ വൗച്ചർ/ചെക്കുകൾ പ്രകാരം KSEBക്ക് ഡെപ്പോസിറ്റ് വർക്കിനായി 4350742/-രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ ആയത് RP47 ലോ അഡ്വാൻസ്/ഡെപ്പോസിറ്റ് രജിസ്റ്ററിലോ രേഖപ്പെടുത്തിയതായി കാണുന്നില്ല.

4) ബാങ്ക് റിക്കൺസിലേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5) വസ്തു നികുതി- വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളും ലഭ്യമാക്കിയ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളും തമ്മിൽ ചുവടെ ചേർത്ത പ്രകാരം വ്യത്യാസം കാണുന്നു.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | സഞ്ചയ പത്രിക പ്രകാരം |
| തൻവർഷം | 7463920 | 7457216 | 6934216 | 6936081 | 499880 | 488695 |
| കുടിശ്ശിക | 1095766 | 1177227 | 920712 | 923144 | 259132 | 256655 |

6) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

7) ലേലം രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8) B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള ICDS, SSA എന്നീ സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ആയവക്ക് എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

9) പെർമിറ്റ് രജിസറ്ററിൽ സംക്ഷിപ്തം തയ്യാറാക്കിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

10) തൊഴിൽ നികുതി - തൊഴിലാളികൾ ഇനത്തിൽ വാർഷിക കണക്ക് പ്രകാരം 1683000/- രൂപ ഡിമാന്റും 1664500/- രൂപ കളക്ഷനും ഉണ്ട്. എന്നാൽ രജിസ്റ്ററിലെ സംക്ഷിപ്തം പ്രകാരം 1683000/- രൂപയാണ് ഡിമാന്റും കലക്ഷനും. മുൻ വർഷ വാർഷിക കണക്ക് പ്രകാരം അഡ്വാൻസ് കളക്ഷനില്ല.

11) സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഇനത്തിൽ വാർഷിക കണക്കിൽ 250 രൂപ വരവുണ്ട്. രജിസറ്ററിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.
ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.23/2021-22/18.11.2022ന് 03.12.22 ന് ലഭ്യമാക്കിയ മറുപടിയിൽ വിവിധ രജിസ്റ്ററുകളിൽ സാക്ഷ്യപ്പെടുത്തൽ വരുത്തിയതായും ആസ്തി രജിസ്റ്റർ കാലികമാക്കുന്നതാണെന്നും അറിയിച്ചു. ആയത് പരിശോധിക്കുന്ന മുറക്ക് പരാമർശം തീർപ്പാക്കുന്നതാണ്.

## 1-12 വിവിധ സ്ഥാപനങ്ങൾക്ക് അഞ്ച് വർഷത്തേക്ക് അനുവദിച്ച ലൈസൻസ് -അപാകത.

1996ലെ കേരള പഞ്ചായത്ത് രാജ് നിയമം ( വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ ചട്ടം 8 പ്രകാരം അഞ്ച് വർഷത്തേക്ക്

ലൈസൻസ് അനുവദിക്കപ്പെട്ട ചുവടെ ചേർത്ത സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ചില സ്ഥാപനങ്ങളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ കാലാവധി കഴിഞ്ഞിട്ടും നാളിതുവരെ പുതിയ ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചിട്ടില്ല/ഫയലിൽ ലഭ്യമല്ല.

അഞ്ച് വർഷത്തേക്ക് ഗ്രാമപഞ്ചായത്ത് അനുവദിച്ച ലൈസൻസുകളിൽ, *കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്, SEIAA-Kerala, Dept. Of PESO , അഗ്നി സുരക്ഷ വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള ക്ലിയറൻസ് /നിരാക്ഷേപ പത്രങ്ങൾ യഥാസമയം പുതുക്കാത്ത പക്ഷം ഈ ലൈസൻസ് സ്വയം റദ്ദാവുന്നതാണ്* എന്ന് രേഖപ്പെടുത്തിയിട്ടുമുണ്ട്.

മേൽ പരാമർശിച്ച പ്രകാരം കാലാവധി കഴിഞ്ഞ ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ നിലവിലുള്ള ലൈസൻസുകൾ സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നം, ലൈസൻസിയുടെ പേര് | ലൈസൻസ് അനുവദിച്ചതിന്റെ പ്രവർത്തനം | വാർഡ്/കെട്ടിട നമ്പർ/സർവ്വേ നം | അനുവദിച്ച ലൈസൻസ് കാലാവധി | കാലാവധി അവസാനിച്ച ക്ലിയറൻസ് പത്രം/N.O.C വിവരം |
|---|---|---|---|---|---|
| 1 | 300/2021-2022 /B-1/2433 /21/24.09.21, ശ്രീ. സുൽഫിക്കർ വി | കരിങ്കൽ ക്വാറി നടത്തുന്നതിന് | വാർഡ്-7, സർവ്വേ നം. BL 62 - 25/1-2 തൃക്കലങ്ങോട് വില്ലേജ് | 24.09.2021 മുതൽ 31.03.2026 വരെ | PESO സർട്ടിഫിക്കറ്റ് നം. E/SE/KL/22/139(E100516) Dtd. 10.06.2020ന്റെ കാലാവധി 31.03.2022ന് അവസാനിച്ചു. |
| 2 | 292/2021-2022 /B-1/4353 /21/14.09.21, ശ്രീ. അബ്ദുൽ മജീദ് | കരിങ്കൽ ക്വാറി നടത്തുന്നതിന്-മഞ്ചേരി ബ്ലൂ മെറ്റൽ | വാർഡ്-2, സർവ്വേ നം. BL 67 - 110/1, 111/3- കാരക്കുന്ന് വില്ലേജ് | 14.09.2021 മുതൽ 31.03.2026 വരെ | PCB സർട്ടിഫിക്കറ്റ് നം. PCB/CO/R1/157/2020 Dtd. 13.07.2020ന്റെ കാലാവധി 26.04.2021ന് അവസാനിച്ചു. |
| 3 | 278/2021-2022 /B-1/3814/21/10.08.21, ശ്രീ. എൻ കെ ഉസ്മാൻ | കരിങ്കൽ ക്വാറി നടത്തുന്നതിന് | വാർഡ്-7, സർവ്വേ നം. BL 62 - 24/1-7 തൃക്കലങ്ങോട് വില്ലേജ് | 10.08.2021 മുതൽ 31.03.2026 വരെ | PCB സർട്ടിഫിക്കറ്റ് നം. PCB/CVO/7365/2019 Dtd. 22.08.2019ന്റെ കാലാവധി 30.09.2020ന് അവസാനിച്ചു. |
| 4 | 271/2021-2022 /B1/2548/21/05.08.21, ശ്രീ. പി.പി. അനസ് | 120HP മോട്ടർ ഉപയോഗിച്ച് പ്ലാസ്റ്റിക് ബക്കറ്റ് നിർമ്മാണം നടത്തുന്നതിന് | 9/463 | 05.08.2021 മുതൽ 31.03.2026 വരെ | Dept. Of Fasctories And Boilers Licence നം. REG-D15/MLP/08/1341/2011ന്റെ കാലാവധി 31.12.2021ന് അവസാനിച്ചു. |
| 5 | 270/2021-2022 /B1/2547/21/05.08.21, ശ്രീമതി. ഫൗസിയ | 120HP മോട്ടർ ഉപയോഗിച്ച് പ്ലാസ്റ്റിക് ബക്കറ്റ് നിർമ്മാണം നടത്തുന്നതിന് | 9/462 | 05.08.2021 മുതൽ 31.03.2026 വരെ | Dept. Of Fasctories And Boilers Licence നം. REG-D15/MLP/08/472/2010ന്റെ കാലാവധി 31.12.2021ന് അവസാനിച്ചു. |
| 6 | 210/2021-2022 /B-1/2292 /21/06.10.21, ശ്രീ. മുജീബ് റഹ്മാൻ കുരിക്കൾ | 1112HP മോട്ടർ ഉപയോഗിച്ച് ക്രഷർ യൂണിറ്റ് നടത്തുന്നതിന് | വാർഡ്-13, സർവ്വേ നം. BL 64 - 397/1 എളങ്കൂർ വില്ലേജ് | 06.10.2021 മുതൽ 31.03.2026 വരെ | അഗ്നി സുരക്ഷാ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ പത്രം നം. E.1428/2021 /18.02.2021ന്റെ കാലാവധി 18.02.2022ന് അവസാനിച്ചു. |

കാലാവധിയുള്ള ക്ലിയറൻസ്/നിരാക്ഷേപ സർട്ടിഫിക്കറ്റുകളില്ലാതെ അസാധുവായ ലൈസൻസുകൾ പ്രകാരമാണ് മേൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 18/2021-22/18.11.2022ന് 03.12.22 ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം.2 ഒഴികെയുള്ള സ്ഥാപനങ്ങൾ സർട്ടിഫിക്കറ്റുകൾ പുതുക്കിയതായി അറിയിച്ചു. 5 വർഷ ലൈസൻസ് അനുവദിക്കുമ്പോൾ സർട്ടിഫിക്കറ്റ് കാലാവധി യഥാസമയം നിരീക്ഷിക്കേണ്ടതും കാലാവധിയുള്ള സർട്ടിഫിക്കറ്റുകൾ ഇല്ലാത്ത മുറക്ക് നിയമപ്രകാരം നോട്ടീസ് നൽകി സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തി വെപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ക്രമ നം. 2 സ്ഥാപനത്തിന് ചട്ട പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-13 കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം.

2011ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ചുവടെ ചേർത്ത ലൈസൻസ് അനുവദിച്ചതിൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല.

ശ്രീ. ഫൈസൽ ബാബു , എന്നവർക്ക് സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് ചുവടെ ചേർത്ത ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

| ലൈസൻസ് നം | ലൈസൻസ് അനുവദിച്ചതിന്റെ പ്രവർത്തനം | സ്ഥാപനത്തിന്റെ പേര് | വാർഡ്/കെട്ടിട നമ്പർ , തരം | കെട്ടിട ഉടമ |
|---|---|---|---|---|
| 304/2021-2022 /B-1/4143/21 Dtd.25.09.2021 | സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് | ഗ്രീൻ ലീഫ് സൂപ്പർ മാർക്കറ്റ് | 5/783 E,F,G,H,J,K,Q,R, S,T,U. വാണിജ്യ കെട്ടിടം | ശ്രീ. ഹസ്സൻ മുണ്ടമ്പ്ര |

ഇത് സംബന്ധിച്ച അപാകത ചുവടെ ചേർക്കുന്നു.

5/783 E,F,G,H,J,K,Q,R,S,T,U എന്നീ കെട്ടിട നമ്പറുകളിലായി ആകെ 289 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന്, 'വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ- വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്ററന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന തരം ഗണത്തിലുൾപ്പെടുത്തി ച.മീ-ന് 40 രൂപ നിരക്കിൽ കണക്കാക്കി നികുതി നിർണ്ണയിച്ച കെട്ടിടത്തിലാണ് മേൽ ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ചട്ടപ്രകാരമുള്ള തരം മാറ്റം വരുത്തി 'വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീ-ന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ' എന്ന ഗണത്തിലുൾപ്പെടുത്തി ച.മീറ്ററിന് 80 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച ശേഷമായിരുന്നു സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് ലൈസൻസ് അനുവദിക്കേണ്ടിയിരുന്നത്. അപ്രകാരം ചെയ്യാത്തത് കാരണം ചട്ടലംഘനത്തോടൊപ്പം വസ്തു നികുതിയിൽ 289x(80-40)=11560+(20% വഴി വർദ്ധന)=13872/- രൂപ നികുതി കുറവും സംഭവിക്കുന്നതായി കാണുന്നു. ടി കെട്ടിടത്തിലെ തന്നെ മുകളിൽ പരാമർശിക്കാത്ത കടമുറികളിൽ മേൽ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ എന്നതും പരിശോധിക്കേണ്ടതുണ്ട്. അപ്രകാരമെങ്കിൽ ആയതിന്റെ കൂടി നികുതി പുതുക്കി നിർണ്ണയിക്കേണ്ടതായി വരുന്നതാണ്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 19/2021-22/18.11.2022ന് 03.12.22 ന് ലഭ്യമാക്കിയ മറുപടിയിൽ വസ്തു നികുതി പുതുക്കി നിർണ്ണയിച്ചതായും, കുടിശ്ശികയുള്ള 13872/- രൂപ ഈടാക്കുന്നതിന് നോട്ടീസ് നൽകിയതായും അറിയിച്ചു. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 ലൈസൻസ് ഫീസ് കുറവായി ഈടാക്കി-33,000 രൂപ ഈടാക്കി.

1996ലെ കേരള പഞ്ചായത്ത് രാജ് നിയമം ( വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ ചട്ടം 7 , പട്ടിക രണ്ടിൽ ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന ഫീസ് സംബന്ധിച്ച പുതുക്കിയ നിരക്കുകൾ (31.10.2017ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം) വ്യക്തമാക്കിയിട്ടുള്ളതാണ്.

ചുവടെ ചേർത്ത ലൈസൻസുകൾ അനുവദിച്ചപ്പോൾ മേൽ ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് കുറവായിട്ടാണ് ഈടാക്കിയത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നം, ലൈസൻസിയുടെ പേര് | ലൈസൻസ് അനുവദിച്ചതിന്റെ പ്രവർത്തനം | അപേക്ഷയിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപം | ഈടാക്കാവുന്ന ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 1 | 318/2021-2022 | സ്വർണ്ണാഭരണം വിൽപ്പന | സേവന മേഖല | 10,000/- | 5000/-(121010103029 | 5000/- |

| | | | | | | |
|---|---|---|---|---|---|---|
| | ശ്രീ. ഷമീം സി.പി | നടത്തുന്നതിന് | 5,00,00,000/- | | /21.10.21) | |
| 2 | 182/2021-2022 /ശ്രീ. മുഹമ്മദ് അബ്ദുൽ സത്താർ | 120 HP മോട്ടോർ ഉപയോഗിച്ച് PVC പൈപ്പ് നിർമ്മിക്കുന്നതിന്. | ഉൽപ്പാദന മേഖല 1.69 കോടി | 5000/- | 2000/- | 3000/- |
| 3 | 210/2021-2022 /ശ്രീ. മുജീബ് റഹ്മാൻ കുരിക്കൾ | 1112 HP മോട്ടോർ ഉപയോഗിച്ച് ക്രഷർ യൂണിറ്റ്പ്രവർത്തിപ്പിക്കുന്നതിന് | ഉൽപ്പാദന മേഖല 6 കോടി 25.5 ലക്ഷം. | പ്രതി വർഷം 10000/- രൂപ നിരക്കിൽ 5 വർഷത്തേക്ക് 50000/- | പ്രതി വർഷം 5000/- രൂപ നിരക്കിൽ 5 വർഷത്തേക്ക് 25000/- | 25000/- |
| ആകെ കുറവ് | | | | | | 33000/- |

മൂലധന നിക്ഷേപം പരിഗണിക്കാതെ ലൈസൻസ് ഫീസ് കുറവായി ഈടാക്കിയത് കാരണം ഗ്രാമപഞ്ചായത്തിന് 33000/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 20/2021-22/18.11.2022 നൽകിയത് പ്രകാരം സത്വര നടപടികൾ സ്വീകരിച്ച് 03.12.22 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും കുറവ് വന്ന 33000 രൂപ ഈടാക്കി അറിയിച്ചു. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാത്തത്- 31971 രൂപ അടവാക്കി

2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും ഡി&ഒ ലൈസൻസുകളും താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ കണ്ട അപാകതകൾചുവടെ ചേർക്കുന്നു.

കൂടുതൽ ആളുകൾ ജോലി ചെയ്യുന്നതായി നിരവധി സ്ഥാപനങ്ങൾ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. അഞ്ചും അതിലധികവും ജോലിക്കാരുള്ളതായി ഡി&ഒ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നമ്പർ | സ്ഥാപനം | ലൈസൻസ് അപേക്ഷ പ്രകാരം ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 186 | മഞ്ചേരി ബ്ലൂ മെറ്റൽ-ക്രഷർ യൂണിറ്റ് | 7 |
| 2 | 210 | മഞ്ചേരി സിറ്റി ഇൻഫ്രാസ്ട്രക്ച്ചർ & ഡെവലപ്പേഴ്സ് LLP - ക്രഷർ | 9 |
| 3 | 206 | കളത്തിങ്ങൽ ഏജൻസീസ് - ഇൻഡസ്ട്രിയൽ | 6 |

ഇത്തരം കൂടുതൽ ആളുകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും ജോലിക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ ആവശ്യപ്പെട്ട് വിവരങ്ങളുടെ കൃത്യത പരിശോധിച്ച് വരുമാനത്തിനനുസരിച്ചുള്ള തൊഴിൽ നികുതികൾ ഈടാക്കാവുന്നതും സ്ഥാപനങ്ങൾ നിയമം പാലിക്കുന്നു എന്ന് ഉറപ്പ് വരുത്താവുന്നതുമാണെന്നിരിക്കെ ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചു കാണുന്നില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 15/2021-22/18.11.2022 നൽകിയത് പ്രകാരം സത്വര നടപടികൾ സ്വീകരിച്ച് മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ ആകെ 31971 രൂപ ഈടാക്കി അറിയിച്ചു. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 സർക്കാർ ഉത്തരവ് പ്രകാരമുള്ള വിജ്ഞാപനം ചെയ്തില്ല.

24.02.2015ലെ സ.ഉ.(അ)നം. 36/2015/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്, സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, 2)വിദ്യഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവക്ക് ഉറപ്പിന്റെ (അണ്ടർടേക്കിംഗ്) അടിസ്ഥാനത്തിലും നികുതി നിരക്ക് പരിഷ്കരിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള നികുതി നിരക്കുകൾ ഗ്രാമപഞ്ചായത്തിൽ പരിഷ്കരിച്ചിട്ടില്ല/പരിഷ്കരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ലഭ്യമാക്കിയ സഞ്ചയയിൽ നിന്നും എടുത്തിട്ടുള്ള നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള കെട്ടിടങ്ങളുടെ ഗണങ്ങളുള്ള പട്ടികയിൽ മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള കെട്ടിടങ്ങൾ, MSME വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ, റസിഡൻഷ്യൽ ഹോം സ്റ്റേ എന്നിവയുടെ നികുതി നിരക്കുകൾ സെറ്റ് ചെയ്യുകയോ മേൽ തരം കെട്ടിടങ്ങളുടെ വസ്തു നികുതി ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്യുകയോ ചെയ്തിട്ടില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 21/2021-22/18.11.2022ന് ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള വിജ്ഞാപനം ചെയ്ത് വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 മരുന്ന മുഴവനം ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണം നടത്തിയ, താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ എം എസ് സി എല്ലിന് മുൻകൂറായി തുകകൾ നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെയും കെ എം എസ് സി എല്ലിൽ നിന്നും മുഴവൻ മരുന്നുകളും ലഭ്യമായിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1. പ്രൊജക്ടിന്റെ പേര്&നം : പരിരക്ഷാ പദ്ധതി (1/21-22)

അടങ്കൽ : 1405200

ആകെ ചെലവ് : 1335820/-

ഈ പദ്ധതി പ്രകാരം പരിരക്ഷാ രോഗികൾക്കുള്ള മരുന്ന് വാങ്ങുന്നതിന് വേണ്ടി ബിൽ നം. 12/8.7.21 പ്രകാരം പിൻവലിച്ച 300000രൂപയിൽ 274455 രൂപയ്ക്കുള്ള മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| മരുന്നുകൾ ലഭിച്ചതിന്റെ ഇൻവോയ്സ് നം &തീയതി | തുക | ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന മരുന്നുകളുടെ തുക |
|---|---|---|
| 4893/9.8.21 | 100610 | 25545 |
| 8966/15.11.21 | 51340 | |
| 10738/1.1.22 | 35073 | |
| 14370/4.3.22 | 41199 | |
| 4849/26.2.21 | 32444 | |
| 15863/4.11.22 | 13789 | |
| ആകെ | 274455 | |

2.കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്ന് വാങ്ങൽ (43/21-22)

അടങ്കൽ :10 ലക്ഷം/- (റോഡിതരം )

ആകെ ചെലവ് : 10 ലക്ഷം/-

ബിൽ നം. 5/4.6.21 പ്രകാരം പിൻവലിച്ച 442110രൂപയിൽ 386343 രൂപയ്ക്കുള്ള മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| മരുന്നുകൾ ലഭിച്ചതിന്റെ ഇൻവോയ്സ് നം &തീയതി | തുക | ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന മരുന്നുകളുടെ തുക |
|---|---|---|
| 3894/19.7.21 | 320393 | 55767 |
| 9313/19.11.21 | 40396 | |
| 9467/22.11.21 | 9697 | |
| 15286/29.3.22 | 15857 | |
| ആകെ | 386343 | |

3.പ്രൊജക്ടിന്റെപേര്&നം :കിഡ്നി/കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികൾക്കും അർബുദ രോഗികൾക്കും മരുന്ന വാങ്ങൽ (200/21-22)

അടങ്കൽ :550000/- ( തനത് )

ചെലവ് :550000/-

മേൽ പ്രൊജക്ടിനു വേണ്ടി ചെക്ക് നം  പ്രകാരം പിൻവലിച്ച 216128 രൂപയിൽ 201353 രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്.ലഭ്യമാക്കാൻ അവശേഷിയ്ക്കുന്നവയുടെ വിവരം താഴെ ചേർക്കുന്നു.

| മരുന്നുകൾ ലഭിച്ചതിന്റെ ഇൻവോയ്സ് നം &തീയതി | തുക | ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന മരുന്നുകളുടെ തുക |
|---|---|---|

| | | |
|---|---|---|
| 15099/19.3.22 | 150492 | 14765 |
| 15246/29.3.22 | 24646 | |
| 3847/6.6.22 | 18682 | |
| 9955/1.9.22 | 5545 | |
| 10773/13.9.22 | 1988 | |
| ആകെ | 201353 | |

അവശേഷിയ്ക്കുന്ന 96077 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിയ്ക്കുന്നതിനായി നൽകിയ ഓഡിററ് എൻക്വയറി നം. 22/18.11.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമായ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-18 പോഷകാഹാര വിതരണം - അപാകതകൾ

നിർവ്വഹണം: ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ട് നം : 24/2021-22

മൊത്തം അടങ്കൽ- : 70ലക്ഷം

ചെലവ് :70ലക്ഷം

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ 49 അംഗൻവാടികളിൽ വിതരണം ചെയ്യുന്നതിനായി പയ്യനാട് ജാംസ് ഗ്രൂപ്പ് കുടുംബശ്രീ യൂണിറ്റിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ട്. വിശദ വിവരം താഴെ നൽകുന്നു.

| ക്രമ നം | ചെലവഴിച്ച തുക | വൗച്ചർനം/ ബിൽ നം തീയതി | തൂക്കം | പയ്യനാട് ജാംസ് ഗ്രൂപ്പ് കുടുംബശ്രീ യൂണിറ്റിന് നൽകിയ തുക (ജി. എസ്.ടി ഒഴികെ) |
|---|---|---|---|---|
| 1 | 1532167 | 5999341/20.11.21 | 5140 | 359800 |
| | | | 5433 | 380310 |
| 2 | 1111176 | 11/6.11.21 | 4870 | 340900 |
| 3 | 1089471 | 2608528/3.8.21 | 5674 | 397180 |
| 4 | 1162325 | 1/30.6.21 | 6395 | 447650 |
| | | | 5920 | 414400 |
| | | | 5940 | 415800 |
| 5 | 378362 | 2608530/29.10.21 | 5113 | 357910 |
| ആകെ | | | 44485 | 3113950 |
| Tds 2% | | | | 62279 |

പ്രൊജക്ട് നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)അംഗനവാടി പൂരകപോഷകാഹാരം - ജി.എസ്.ടി. ടി.ഡി. എസ്. ഈടാക്കിയില്ല.

CGSTനിയമം, സെക്ഷൻ 51അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018ലെ വിജ്ഞാപനം നം.50/2018 പ്രകാരം 250000ത്തിനു മുകളിലുള്ള പർച്ചെയ്സിന് 2% ജി.എസ്.ടി. ടി.ഡി.എസ്. കുറവു ചെയ്യേണ്ടതാണ്. എന്നാൽ മേൽ പർച്ചേയ്സുകളിന്മേൽ ഇപ്രകാരം ടി.ഡി.എസ്. കുറവു ചെയ്തിട്ടില്ല.

2) ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത പയ്യനാട് ജാംസ് ഗ്രൂപ്പ്, എന്ന സ്ഥാപനത്തെ പഞ്ചായത്തിലെ വിതരണത്തിനുള്ള ഏജൻസിയായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഈ

സ്ഥാപനവുമായി ന്യൂട്രിമിക്സ് വിതരണത്തിന് പഞ്ചായത്ത് കരാർ ചമച്ചിട്ടുമില്ല.എന്നാൽ ഇത്തരത്തിൽ നിശ്ചയിക്കപ്പെട്ട യൂണിറ്റുകൾക്ക് പഞ്ചായത്തുമായി കരാർ ചമക്കുന്നതിന് സർക്കാർ ഇളവുകൾ നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

3) ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3-312/10 തീയതി 18-12-10 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു.അംഗനവാടികളിലേയ്ക്ക് വിതരണം ചെയ്യുന്ന ഭക്ഷണസാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

അപാകതകൾ പരാമർശിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം.. 28/19.11.22 ന് ലഭ്യമാക്കിയതിന് അടുത്ത വർഷം മുതൽ Tds ഈടാക്കുന്നതാണെന്നും ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നതിന് നടപടികൾ സ്വീകരിയ്ക്കുന്നതാണെന്നും ന്യൂട്രിമിക്സ് സാമ്പിളുകളുടെ രണ്ട് മാസത്തിലൊരിക്കലുള്ള ഫുഡ് ടെസ്റ്റ് ലാബ് റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ക്രമ നം (1),(2) (3) അപാകതകൾക്ക് മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിക്കുന്നതിലെ തുടർ നടപടികൾ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-19 കാർഷിക മേഖലയിൽ നടപ്പിലാക്കിയ പ്രൊജക്ടുകൾ - അപാകതകൾ

2021-22 വർഷത്തിൽ കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജെക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജെക്ടിന്റെ പേര് | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | നെൽകൃഷി വികസനം 182/21-22 | 184200 | 16 |
| 2 | നെൽകൃഷിയ്ക്ക് കൂലിചെലവ് 186/21-22 | 61500 | 16 |
| 3 | സുഭിക്ഷകേരളം ഫലവൃക്ഷത്തൈ വിതരണ പദ്ധതി 327/21-22 | 52255 | 125 |
| 4 | വാഴകൃഷി വികസനം 327/21-22 | 3600000 | 150 |
| 5 | പച്ചക്കറി കൃഷി വികസനം 179/21-22 | 1800000 | 181 |
| 6 | വനിതകൾക്ക് കുറ്റികുരുമുളക് 58/21-22 | 3500000 | 700 |
| 7 | വനിതകൾക്ക് വീട്ടു മുററത്ത് തെങ്ങിൻ തൈ 132/21-22 | 203200 | 1016 |
| 8 | വനിതകൾക്ക് മൺചട്ടിയിൽ പച്ചക്കറി കൃഷി | 66000 | 33 |
| 9 | സുഭിക്ഷകേരളം ഫലവൃക്ഷത്തൈ വിതരണ പദ്ധതി 414/21-22 | 39285 | 56 |
| 10 | സുഭിക്ഷകേരളം ഫലവൃക്ഷത്തൈ വിതരണ പദ്ധതി 141/21-22 | 105840 | 392 |

ആകെ ചെലവ് 64,62,250/-

മേൽ പ്രൊജക്ടുകളുടെ ഫയലുകൾ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) ഫീൽഡ് വിസിറ്റ് നടത്തിയതിന്റെ രേഖകൾ ഇല്ല.

മേൽ പ്രൊജക്ടുകൾ പ്രകാരം ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ അപേക്ഷകളിലൊന്നിലും തന്നെ ഫീൽഡ് വിസിറ്റ് നടത്തിയതിന്റെ രേഖകളോ കൃഷി ഭവൻ ഉദ്യോഗസ്ഥരുടെ പരിശോധനാറിപ്പോർട്ടോ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത

രേഖകളില്ലാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നൽകിയതിന്റെ മാനദണ്ഡം എന്തെന്ന് വ്യക്തമല്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ (സ. ഉ.കൈ22/18 ത.സ്വ.ഭ.വ തീയതി.14.2.18) പ്രകാരം പദ്ധതികളുടെ മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കുകയും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ പ്രൊജക്ട് ഫയലുകളോടൊപ്പം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്,പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിററ് എൻക്വയറി നം.29/19.11.22 യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം പ്രഥമമറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-20 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ - മുഴുവനും വിതരണം ചെയ്തില്ല.

നിർവഹണം : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ടിന്റെ പേര്:ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ( ജനറൽ)122/21-22

അടങ്കൽ :1000000 (പ്ലാൻ)

ആകെ ചെലവ് : 997495/-

ബിൽ നം &തീയതി- 37/16.3.22 ,479999/-

38/16.3.22 ,507276/-

17/18.11.21 ,10220/-

2021-22 വർഷത്തിൽ മേൽ പ്രൊജക്ട് പ്രകാരം, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ഉപകരണങ്ങൾ വാങ്ങി നൽകൽ എന്ന പദ്ധതി പ്രകാരം, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ തിരുവനന്തപുരത്തിൽ നിന്നും 49/2021-22 നം ഇൻവോയ്സ് പ്രകാരം 30 ഇനം ഉപകരണങ്ങൾ വാങ്ങിയതിൽ, താഴെ പറയുന്ന ഉപകരണങ്ങൾ മുഴുവനായും വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ഇനം | നിരക്ക് | വാങ്ങിയതിന്റെ എണ്ണം | വിതരണം ചെയ്തത് | അവശേഷിയ്ക്കുന്നത് | വിതരണം ചെയ്യാത്തതിന്റെ വില (ജി എസ്.ടി12%)ഉൾപ്പെടെ |
|---|---|---|---|---|---|
| എയർ ബെഡ് | 7150 | 5 | 4 | 1 | 8008 |
| റൊളേറ്റർ | 2657 | 3 | 2 | 1 | 2976 |

മേൽ ഉപകരണങ്ങൾ വിതരണം ചെയ്യാതിരുന്നതിനു വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം 27 /18.11.22 ന് , വിതരണവിവരം രജിസ്ററിൽ ചേർക്കാൻ വിട്ടുപോയതാണ് എന്നാണ് മറുപടി ലഭ്യമാക്കിയത്. മേൽ ഉപകരണങ്ങൾ കൈപറ്റിയ ഗുണഭോക്താക്കളിൽ നിന്നുള്ള കൈപറ്റുവിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-21 മുതിർന്ന പൗരൻമാർക്ക് കട്ടിൽ വിതരണം-അപാകതകൾ

നിർവഹണം : ഐ.സി.ഡി.എസ്. സൂപ്പർ വൈസർ

പ്രൊജക്ട് :മുതിർന്ന പൗരൻമാർക്ക് കട്ടിൽ വിതരണം (124/2021-22)
അടങ്കൽ :750000 (പ്ലാൻ)

ആകെ ചെലവ് : 748110/-

മേൽ പ്രൊജക്ട് പ്രകാരം, മുതിർന്ന പൗരൻമാർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി സിഡ്കോ യിൽ നിന്നും 3686രൂപ നിരക്കിൽ 172 കട്ടിലുകൾ വാങ്ങിയതിന് സിഡ്കോയ്ക്ക് 748110രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ബിൽ നം &തീയതി | തുക | ഇൻവോയ്സ്.നം& തീയതി | എണ്ണം | ആകെ തുക (ജി എസ്.ടി18%)ഉൾപ്പെടെ |
|---|---|---|---|---|
| 23/20.1.22 | 434948 | 158/27.12.21 | 100 | 434948 |
| 31/15.2.22 | 165280 | 229/7.2.22 | 38 | 165280 |
| 33/11.3.22 | 147882 | 306/7.3.22 | 34 | 147882 |
| | | | 172 | 748110 |

പ്രൊജക്റ്റ് സംബന്ധിച്ച ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

വിതരണരേഖപ്രകാരം 166 ഗുണഭോക്താക്കൾ മാത്രമാണ് കട്ടിലുകൾ കൈപ്പറ്റിയത്.6 എണ്ണം വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

കട്ടിലുകൾ സ്റ്റോക്കിൽ എടുക്കാതെ വിതരണം ചെയ്തതിനു വിശദീകരണം ലഭ്യമാക്കുന്നതിനും അവശേഷിയ്ക്കുന്ന6 എണ്ണം വിതരണം ചെയ്യാതിരുന്നതിന്റെ കാരണം അറിയിയ്ക്കുന്നതിനുമായി ഓഡിറ്റ് അന്വേഷണം 25/18.11.22 ത്തിന് മുഴുവൻ കട്ടിലുകളും വിതരണം ചെയ്തിട്ടുണ്ടെന്നും 6 ഗുണഭോക്താക്കൾ ഒപ്പു രേഖപ്പെടുത്താൻ വിട്ടു പോയതാണ് എന്നാണ് മറുപടി ലഭ്യമാക്കിയത്.

കട്ടിലുകൾ കൈപറ്റിയ 6 ഗുണഭോക്താക്കളുടെ കൈപ്പറ്റു വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-22 ദുരിതാശ്വാസ നിധി രൂപീകരിച്ചില്ല.

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. ഈ ആവശ്യത്തിലേക്കായി ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും വരവ് ചെലവുകൾ രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ ദുരിതാശ്വാസ നിധി രൂപീകരിക്കുകയോ അക്കൗണ്ട് തുടങ്ങുകയോ ചെയ്തിട്ടില്ല . ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 16/2021-22/18.11.2022ന് മറുപടി ലഭ്യമായിട്ടില്ല.

## 1-23 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

നിർവ്വഹണം : മെഡിക്കൽ ഓഫീസർ-ഹോമിയോ

പദ്ധതി നം. : 201/21-22 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ: : 1,50,000/-(മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്)

ചെലവ് വിവരം : BRN 21151852034900892220/04.12.2021, ₹1,50,000/-

പദ്ധതി ഫയൽ പരിശോധിച്ചതിൽ, ഹോംകോ-യുടെ പ്രഫോമ ഇൻവോയ്സ് നമ്പർ PF780/13.10.2021 പ്രകാരം വിവിധ മരുന്നുകൾ ലഭ്യമാക്കുന്നതിനായി ആകെ 1,50,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നമ്പർ LF 288/07.07.2022പ്രകാരം ആകെ 63372/-രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 30/19.11.2022ന് മറുപടി ലഭ്യമായിട്ടില്ല. അവശേഷിക്കുന്ന 86628/-രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-24 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കുന്നു.

ഗ്രാമ പഞ്ചായത്ത് പരിധിയിലെ കാരക്കുന്ന്, ഊത്താലക്കണ്ടി എന്നീ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നാണ് അടവാക്കുന്നത്. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ഗുണഭോക്തൃ

കമ്മിറ്റിയെ ഏൽപിക്കേണ്ടതും ചെലവ് കമ്മിറ്റി തന്നെ വഹിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശമുള്ളതാണ്. എസ്.സി. കോളനികളിലെ കുടിവെള്ള പദ്ധതികൾക്കാണ് ഇക്കാര്യത്തിൽ ഇളവ് നൽകിയിട്ടുള്ളത്. ഇക്കാര്യം മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നുവെങ്കിലും നിലവിലും ഇപ്രകാരം തുടരുകയാണ്. ഇക്കാര്യത്തിൽ സെക്രട്ടറി വിയോജനം അറിയിച്ചിരുന്നുവെങ്കിലും സെക്രട്ടറിയുടെ പേരിലുണ്ടാകുന്ന സാമ്പത്തിക ബാധ്യത നിലവിലുള്ള ഭരണസമിതി ഏറ്റെടുക്കുന്നതിന് 12.1.2022 ലെ 1(1) നമ്പർ തീരുമാന പ്രകാരം ഭരണ സമിതി തീരുമാനിക്കുകയാണ് ചെയ്തിട്ടുള്ളത്. ഓഡിറ്റ് വർഷത്തെ ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | തുക | കാരക്കുന്ന് കുടിവെള്ള പദ്ധതി (കൺസ്യൂമർ നം. 1167060000924) | ഊത്താലക്കണ്ടി കുടിവെള്ള പദ്ധതി (കൺസ്യൂമർ നം. 1167060001991) |
|---|---|---|---|
| 22100025/21.4.21 | 14235 | 4/21 ലെ ബില്ല്- 7393 | 4/21 ലെ ബില്ല്- 6842 |
| 22100630/3.11.2021 | 27709 | | 5/21-10/21 ലെ ബിൽ |
| 22100631/3.11.2021 | 31405 | 5/21-10/21 ലെ ബിൽ | |
| 22100893/2.2.2022 | 26015 | 1/22 ലെ ബില്ല്- 12795 | 1/22 ലെ ബില്ല്- 13220 |
| 22100939/9.2.2022 | 10903 | 2/22 ലെ ബില്ല്- 5765 | 2/22 ലെ ബില്ല്- 5138 |
| 22101031/16.3.2022 | 14017 | 3/22 ലെ ബില്ല്- 6417 | 3/22 ലെ ബില്ല്- 7600 |

സർക്കാർ നിർദ്ദേശം പാലിക്കാതെയുള്ള ഗ്രാമ പഞ്ചായത്തിന്റെ തീരുമാനം നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ആയതിനാൽ പുന: പരിശോധനക്ക് വിധേയമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവ് തുക തെറ്റായ തീരുമാനമെടുത്ത ഭരണസമിതി അംഗങ്ങളുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

( ഇക്കാര്യം അറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 26/18.11.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-25 ലൈബ്രറി സെസ് യഥാസമയം അടവാക്കിയിട്ടില്ല

1989 ലെ കേരള പബ്ലിക് ലൈബ്രറീസ് ആക്ട്, വകുപ്പ്- 48(1) പ്രകാരം ,ലൈബ്രറി സെസ്സിനത്തിൽ ഈടാക്കിയ തുക 3 മാസത്തിനുള്ളിൽ സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് അടവാക്കിയിട്ടില്ലെങ്കിൽ 2 ശതമാനം പിഴ ഒടുക്കണമെന്ന് നിഷ്കർശിക്കുന്നുണ്ട്. സെക്രട്ടറിയും പ്രസിഡണ്ടും അത്തരത്തിലുള്ള കാലതാമസത്തിന് ബാധ്യസ്ഥരായിരിക്കുമെന്നും വ്യക്തമാക്കുന്നുണ്ട്. ഓരോ അർദ്ധ വർഷവും കഴിഞ്ഞ് 30 ദിവസത്തിനകം പിരിച്ചെടുത്ത തുക അടവാക്കേണ്ടതാണെന്ന് 29.12.2000 ലെ ത.സ്വ.ഭ.വ സർക്കുലർ നമ്പർ 17263 ലും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ 2021-22സാമ്പത്തിക വർഷത്തിലെ ഒന്നാം അർദ്ധ വർഷത്തെ ലൈബ്രറി സെസ് 2021 ഒക്ടോബർ 31 നകം അടവാക്കേണ്ടതായിരുന്നു. എന്നാൽ ടി തുക സമയപരിധിക്കകം അടവാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം 31.3.2022 ന് 667818 രൂപ ലൈബ്രറി സെസ്സിനത്തിൽ പിരിച്ചെടുത്തത് അടവാക്കാനവശേഷിക്കുന്നുണ്ട്. ലൈബ്രറി സെസ് അടവാക്കുന്നതിൽ സമയക്രമം പാലിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 8/17.11.22 നുള്ള മറുപടിയിൽ 20-21, 21-22 കാലയളവിലെ ലൈബ്രറി സെസ്സ് 18.5.2022 ന് അടവാക്കിയതായി അറിയിച്ചു.

ലൈബ്രറി സെസ് അടവാക്കുന്നതിൽ സമയക്രമം പാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-26 കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് - വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ പ്രകാരം വിവിധ കെ.എസ്.ഇ.ബി . സെക്ഷനുകളിലേക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി.യിൽ നിന്നും ടി- തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രമോ പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല. KSEB-യുമായുള്ള കരാറിൽ 6 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പൂർത്തീകരണ കാലയളവ് അവസാനിച്ചിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു

| പ്രോജക്ടിന്റെ പേരും നമ്പരും | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | ഡെപ്പോസിറ്റ് തുക | ബിൽ നമ്പർ/ വൗച്ചർ നമ്പർ |
|---|---|---|---|
| വെടിയംകുന്ന് | കെ.എസ്.ഇ.ബി. | 40045 | വൗച്ചർ നം. |

| | | | |
|---|---|---|---|
| എസ്.സി.കോളനി തെരുവ് വിളക്ക് ലൈൻ വലിക്കൽ (352/22) ഫണ്ടിനം- പ്ലാൻ (എസ്.സി.പി) | സെക്ഷൻ, തൃക്കലങ്ങോട് | | 22101193/19.3.2022 |
| തെരുവ് വിളക്ക് ലൈൻ വലിക്കൽ പ്രോജക്ട് നമ്പർ- 248/22 അടങ്കൽ- 4083500 ഫണ്ടിനം- സി.എഫ്.സി. | കെ.എസ്.ഇ.ബി. സെക്ഷൻ, തൃക്കലങ്ങോട് | 37,15,938 | 22101248/31.3.2022 2150786 രൂപ 22101006/05.3.2022 1565152 രൂപ |
| ടി- | കെ.എസ്.ഇ.ബി. സെക്ഷൻ, മഞ്ചേരി സൗത്ത് | 47200 | 22101006/05.3.2022 47200 രൂപ |
| ടി- | കെ.എസ്.ഇ.ബി. സെക്ഷൻ, മഞ്ചേരി നോർത്ത് | 318682 | 22101006/05.3.2022 318682രൂപ |
| ആകെ | | 41,21,865 | |

മേൽ തുകകൾക്കുള്ള വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം കെ.എസ്.ഇ.ബി.യിൽ നിന്ന് ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 41,21,865 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

( ഓഡിറ്റ് എൻക്വയറി നമ്പർ - 7/ 17.11.2022)

## 1-27 തുടർ വിദ്യാകേന്ദ്രം-പ്രേരകിന് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം നൽകിയ തുക തനത് ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്തിട്ടില്ല.

ജി.ഒ.(ആർ.ടി) 626/2021/ത.സ്വ.ഭ.വ, തി-26.2.2021 പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുടർ വിദ്യാകേന്ദ്രങ്ങളിലെ പ്രേരക്മാർക്ക് ഹോണറേറിയം നൽകുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. മേൽ ഉത്തരവ് പ്രകാരം പ്രസ്തുത തുക പിന്നീട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയോട് കൂടിയാണ് മേൽ അനുമതി നൽകിയിരുന്നത്. മേൽ ഉത്തരവിന്റെയടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിന്റെ 24.3.2021 ലെ 9(1) നമ്പർ തീരുമാന പ്രകാരം തൃക്കലങ്ങോട് തുടർ വിദ്യാ കേന്ദ്രം,പ്രേരക്, ശ്രീമതി. രാധാമണി എന്നവർക്ക് ചുവടെ ചേർത്തിട്ടുള്ള വിധം തുക തനത് ഫണ്ടിൽ നിന്നും നൽകിയിരുന്നു. എന്നാൽ പ്രസ്തുത തുക തനത് ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്തതായി വിവരം ലഭ്യമാക്കിയിട്ടില്ല.

| വൗച്ചർ നമ്പർ | തുക | റിമാർക്സ് |
|---|---|---|
| 22100030/21.4.2021 | 26400 | 12/20 മുതൽ 2/21 വരെയുള്ള ഹോണറേറിയം |
| 22100098/14.5.2021 | 9200 | 3/21 ലെ ഹോണറേറിയം |
| ആകെ | 35600 | |

മേൽ തുക തനത് ഫണ്ടിലേക്ക് ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 9/17.11.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-28 സുഭിക്ഷ കേരളം- പടുതക്കുളത്തിലെ മൽസ്യക്കൃഷി- നിർവ്വഹണത്തിലെ അപാകത സംബന്ധിച്ച്.

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥനായി തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ മേൽ പ്രൊജക്ടിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രൊജക്ട്- പടുത കുളത്തിലെ മൽസ്യ കൃഷി

പ്രൊജക്ട് നമ്പർ- 442/21, 263/22 (സ്പിൽഓവർ)

ചെക്ക് നമ്പർ- 5808681/30.9.2021, 184132 രൂപ

മേൽ പ്രൊജക്ടിന്റെ ധനകാര്യ വിശകലനം ചുവടെ ചേർക്കുന്നു.

ഗുണഭോക്തൃ വിഹിതം- 738000

തനത് ഫണ്ട്- 328000

സംസ്ഥാനാവിഷ്കൃത ഫണ്ട്- 164000

ആകെ 12,30000

അംഗീകരിച്ച പ്രൊജക്ട് പ്രകാരം കുറഞ്ഞത് 80 ച.മീ. വിസ്തീർണ്ണമുള്ളതും 1.5 മീറ്റർ ആഴമുള്ളതുമായ കുളങ്ങൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം കുഴിച്ച് പടുത വിരിച്ച് ജലം കെട്ടി നിർത്തി കൃത്രിമ ജലാശയമാക്കി രൂപപ്പെടുത്തി മൽസ്യക്കൃഷിക്ക് യോഗ്യമാക്കി മൽസ്യക്കൃഷി നടത്താനാണ് വിഭാവനം ചെയ്തിരുന്നത്. ഒരു യൂണിറ്റ് നിർമ്മിക്കുന്നതിന് 123000 രൂപയാണ് യൂണിറ്റ് കോസ്റ്റ് കണക്കാക്കിയിട്ടുള്ളത്. ചെലവിന്റെ 60% ഗുണഭോക്താവ് വഹിക്കേണ്ടതും 40% സബ്സിഡിയുമാണ്. സബ്സിഡിയുടെ മൂന്നിൽ രണ്ട് ഭാഗം ഗ്രാമ പഞ്ചായത്തും മൂന്നിൽ ഒരു ഭാഗം ഫിഷറീസ് വകുപ്പും വഹിക്കണം. പ്രോജക്ട് പ്രകാരം 6 ഗുണഭോക്താക്കൾക്ക് 184132 രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

മേൽ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ പദ്ധതി പ്രകാരം സബ്സിഡിയുടെ മൂന്നിൽ രണ്ട് ഭാഗം തദ്ദേശ ഭരണ സ്ഥാപനവും മൂന്നിൽ ഒരു ഭാഗം ഫിഷറീസ് വകുപ്പുമാണ് വഹിക്കേണ്ടത്. എന്നാൽ മുഴുവൻ സബ്സിഡിയും തനത് ഫണ്ടിൽ നിന്നും നൽകി. (29.5.2020 ലെ സ.ഉ.(സ.ധാ) നം.1009/2020/ തസ്വ.ഭ.വ. നമ്പർ സബ്സിഡി മാർഗ്ഗരേഖ).

2. പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 3/14.11.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്കുള്ള വിശദീകരണം പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്

## 1-29 സുഭിക്ഷ കേരളം- ബയോഫ്ളോക്ക് മൽസ്യക്കൃഷി- നിർവ്വഹണത്തിലെ അപാകത സംബന്ധിച്ച്.

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ മേൽ പ്രൊജക്ടിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രൊജക്ട്- സുഭിക്ഷകേരളം- മൽസ്യ കൃഷി

പ്രൊജക്ട് നമ്പർ- 439/21, 262/22 (സ്പിൽഓവർ)

ചെക്ക് നമ്പർ- 5808681/30.9.2021, 136992 രൂപ

മേൽ പ്രൊജക്ടിന്റെ ധനകാര്യ വിശകലനം ചുവടെ ചേർക്കുന്നു.

ഗുണഭോക്തൃ വിഹിതം- 331200

തനത് ഫണ്ട്- 147200

സംസ്ഥാനാവിഷ്കൃത ഫണ്ട്- 73600

ആകെ 552000

അംഗീകരിച്ച പ്രൊജക്ട് പ്രകാരം 5.6 മീറ്റർ വ്യാസമുള്ള പ്ലാറ്റ്ഫോം നിർമ്മിച്ച് 5 മീറ്റർ വ്യാസമുള്ളതും 1.2 മീറ്റർ ഉയരവുമുള്ള ഒരു ടാങ്ക് ഇരുമ്പ് ചട്ടക്കൂടിൽ നിർമ്മിച്ച് അതിലേക്ക് ജല ഗമന നിർഗമന സംവിധാനങ്ങൾ ഒരുക്കി ബയോ ഫ്ലോക്ക് രീതിയിൽ തിലാപ്പിയ കൃഷി ചെയ്ത് ഒരു വർഷത്തിൽ രണ്ട് വിള എടുത്ത് ഒരു ടൺ മൽസ്യം ഒരു യൂണിറ്റിൽ നിന്ന് ഉദ്പാദിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഒരു യൂണിറ്റ് നിർമ്മിക്കുന്നതിന് 138000 രൂപയാണ് യൂണിറ്റ് കോസ്റ്റ് കണക്കാക്കിയിട്ടുള്ളത്. ചെലവിന്റെ 60% ഗുണഭോക്താവ് വഹിക്കേണ്ടതും 40% സബ്സിഡിയുമാണ്. സബ്സിഡിയുടെ മൂന്നിൽ രണ്ട് ഭാഗം ഗ്രാമ പഞ്ചായത്തും മൂന്നിൽ ഒരു ഭാഗം ഫിഷറീസ് വകുപ്പും വഹിക്കണം. മേൽ പ്രോജക്ട് പ്രകാരം 2 ഗുണഭോക്താക്കൾക്ക് ആകെ 136992 രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി മേൽനോട്ടത്തിനായി ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥൻ കൺവീനറും തദ്ദേശ ഭരണ സമിതി പ്രതിനിധി ചെയർമാനുമായി സമിതി രൂപീകരിക്കേണ്ടതും പ്രസ്തുത സമിതി പദ്ധതി നടത്തിപ്പിന്റെ ഓരോ ഘട്ടവും വിലയിരുത്തേണ്ടതുമാണ്. എന്നാൽ മേൽ പ്രകാരം സമിതി രൂപീകരിച്ചതായോ സമിതി വിലയിരുത്തൽ

നടത്തിയതായോ രേഖകൾ (സമിതി യോഗം ചേർന്ന മിനുട്സ്, വിലയിരുത്തൽ റിപ്പോർട്ട് എന്നിവ ) പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഇല്ല.

3. അപേക്ഷകളിൽ ഫീൽഡ് തല വെരിഫിക്കേഷൻ റിപ്പോർട്ട് രേഖപ്പെടുത്തുന്നില്ല.

4. സബ്സിഡിയുടെ മൂന്നിൽ രണ്ട് ഭാഗം തദ്ദേശ ഭരണ സ്ഥാപനവും മൂന്നിൽ ഒരു ഭാഗം ഫിഷറീസ് വകുപ്പുമാണ് വഹിക്കേണ്ടത്. എന്നാൽ മുഴുവൻ സബ്സിഡിയും തനത് ഫണ്ടിൽ നിന്നും നൽകി. ഇത് 29.5.2020 ലെ സ.ഉ.(സാധാ) നം.1009/2020/ തസ്വ.ഭ.വ. നമ്പർ സബ്സിഡി മാർഗ്ഗരേഖ(സുഭിക്ഷ കേരളം) യിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 4/14.11.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വസ്തുതാപരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 ഘടക സ്ഥാപന മേധാവികൾക്ക് കണ്ടിജന്റ് ചെലവ് നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ട് പ്രകാരം (പ്രോജക്ട് നമ്പർ- 20/22) ചുവടെ ചേർത്തിട്ടുള്ള വിധം നിർവ്വഹണോദ്യോഗസ്ഥർക്കും ഘടക സ്ഥാപന മേധാവികൾക്കും കണ്ടിജന്റ് ചെലവ് നിർവ്വഹിക്കുന്നതിനായി നോൺ റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും തുക കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉദ്യോഗസ്ഥർ ടി- തുകയുടെ വിനിയോഗ സാക്ഷ്യപത്രം സെക്രട്ടറിക്ക് ലഭ്യമാക്കുകയോ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. തുക കൈമാറിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | തുക | കൈപറ്റിയ നിർവ്വഹണോദ്യോഗസ്ഥർ | കൈപറ്റിയ തുക |
|---|---|---|---|
| 8/21-22, 6.7.2021 | 444500 | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 135500 |
| 25/21-22, 24.11.2021 | 55500 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 30000 |
| ആകെ | 500000 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 35000 |
| | | വെറ്ററിനറി സർജൻ | 40000 |
| | | കൃഷി ഓഫീസർ | 60000 |
| | | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 50000 |
| | | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്,ചെറാംകുത്ത് | 10000 |
| | | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, പുലത്ത് | 18000 |
| | | ഹെഡ്മാസ്റ്റർ, ജി.എം. എൽ.പി.എസ്, കാരക്കുന്ന് | 18000 |
| | | ഹെഡ്മാസ്റ്റർ, ജി.യു പി.എസ്, എളങ്കൂർ | 38500 |
| | | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, മഞ്ഞപ്പറ്റ | 17000 |
| | | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, ചെറുവന്നൂർ | 15000 |
| | | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, ചെറുകുളം | 18000 |
| | | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, ആനക്കോട്ടുപുറം | 15000 |
| | ആകെ | | 500000 |

മേൽ തുകകൾക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഘടക സ്ഥാപന മേധാവികളിൽ നിന്നും ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറി നമ്പർ- 10/17.11.2022 നൽകിയതിനെ തുടർന്ന് ഹെഡ്മാസ്റ്റർ, ജി.യു പി.എസ്, എളങ്കൂർ ഒഴികെയുള്ള സ്ഥാപന മേധാവികൾ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി. ഹെഡ്മാസ്റ്റർ, ജി.യു പി.എസ്, എളങ്കൂർ കൈപ്പറ്റിയ 38500 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം കൂടി ഹാജരാക്കേണ്ടതാണ്.

## 1-31 ഫർണീച്ചറുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത രേഖകൾ ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ- അസി .സെക്രട്ടറി

2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ട് പ്രകാരം സിഡ്കോ- യിൽ നിന്നും ഫർണീച്ചറുകളും വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി-സാധനങ്ങൾ ഗുണമേന്മയോടെ കൈപ്പറ്റി സ്റ്റോക്കിലെടുത്തതായോ ആയത് വിതരണം ചെയ്തതായോ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേരും നമ്പരും | ചെലവ് തുക | ബിൽ നമ്പർ |
|---|---|---|
| ബഡ്സ് സ്കൂളിന് ഫർണീച്ചർ<br>പ്രോജക്ട് നമ്പർ-451/22 | 101274 | 19/21-22, തി-27.3.2022 |

മേൽ ഫർണ്ണിച്ചറുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകളും പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ റിപ്പോർട്ടും പരിശോധനക്ക് ഹാജറാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 101274 രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ- 12/18.11.2022)

## 1-32 ഫീൽഡ് അളവിനേകാൾ കൂടിയ അളവിനു മൂല്യനിർണ്ണയം നടത്തി. ഗ്രാമപഞ്ചായത്ത് ഫണ്ടിനു 21317 രൂപ നഷ്ടം.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന വിവരങ്ങൾ പ്രകാരമുള്ള പ്രൊജക്ടിനു അളവ് പുസ്തകം പ്രകാരമുള്ള അളവിനേക്കാൾ കൂടിയ അളവ് മൂല്യനിർണ്ണയം രേഖയിൽ ഉൾപ്പെടുത്തി കരാറുകാരനു പണം നൽകിയിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് | 226/22 ആലുങ്ങൽപറമ്പ് കുടിവെള്ള പദ്ധതി പൂർത്തീകരണം |
| അടങ്കൽ | 300000 ഫൈനാൻസ് കമ്മീഷൻ ഗ്രാന്റ്. |
| സാങ്കേതിക അനുമതി , തുക | 71816/21-22, 300000 (DsoR 2018 C.I. 36.44%) |
| കരാറുകാരൻ, കരാർ നമ്പർ | കെ.പി മുഹമ്മദ്. , AE/LSGD/TGP/79/21-22 Dated: 25.1.22 |
| കരാർ തുക | 265114 |
| ബിൽ നമ്പർ, ബിൽ തുക | 65/25.3.22, 296928 രൂപ |
| അളവ് പുസ്തകം | 45/21-22 |

അളവ് പുസ്തക പ്രകാരമുള്ള ആകെ അളവും ഫസ്റ്റ് ആന്റ് ഫൈനൽ ബിൽ പ്രകാരമുള്ള മൂല്യനിർണ്ണയ വിവരവും അധികം നൽകിയ തുക സംബന്ധിച്ച വിവരവും താഴെ ചേർക്കുന്നു

| പ്രവൃത്തി ഇനം | ചെയ്ത അളവ്/ നിരക്ക് | നൽകാവുന്നത് | നൽകിയത് |
|---|---|---|---|

| | | | |
|---|---|---|---|
| 1). 40 Mm ഡയ പിവിസി പൈപ്പ് സ്ഥാപിക്കൽ (അളവ് പുസ്തകം പേജ് 1 ,2) | 125 മീറ്റർ/235.42 | 125 X 235.42 = 29427.5 | 154.35 X 235.42 = 36337.07 (അളവ് പുസ്തകം പേജ് 21) |
| 2). 25 Mm ഡയ പിവിസി പൈപ്പ് സ്ഥാപിക്കൽ (അളവ് പുസ്തകം പേജ് 2 - 11) | 844 മീറ്റർ/216.98 | 844 X 216.98 = 183131.12 | 936 X 216.98 = 203093.28 (അളവ് പുസ്തകം പേജ് 22) |
| 3). PTMT Bib Cock സ്ഥാപിക്കൽ | 57 എണ്ണം/ 138.08 | 57 X 138.08 =7870.56 | 57 X 138.08 =7870.56 |
| 4). 75 Mm പിവിസി സ്റ്റാന്റ് പോസ്റ്റ് സ്ഥാപിക്കൽ | 57 എണ്ണം/ 157.52 | 57 X 157.52 =8978.64 | 57 X 157.52 =8978.64 |
| 5). 20 Mm ജിഐ പൈപ്പ് സ്ഥാപിക്കൽ | 57 എണ്ണം/336.12 | 57 X 336.12 = 19158.8 | 57 X 336.12 = 19158.8 |
| ആകെ | | 248566.66 | 275438.39 |
| Ts തുകയിൽ പരിമിതപ്പെടുത്തിയത് | | | 267791.94 |
| 1% ടെണ്ടർ കുറവ് കഴിച്ച് | | 246080.99 | 265114.02 |
| 12% GST | | 29529.71 | 31813.68 |
| ഒട്ടാകെ | | 275610.7 Rounded To 275611 | 296927.07 Rounded To 296928 |

ആകെ അധികം നൽകിയ 21317 രൂപ (296928 – 275611) അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ, അളവ് പരിശോധിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ എന്നിവരിൽനിന്ന് ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/17.11.22 ന മറുപടി നൽകിയിട്ടില്ല.

## 1-33 സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ് വർക്കിന്റെ നിരക്കിൽ പണം നൽകി. ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 4587 രൂപ തിരികെ അടവാക്കി

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ FHC പരിശോധന റൂം സജ്ജമാക്കൽ (പ്രൊജക്റ്റ് 208/22) എന്ന പ്രൊജക്റ്റിന്റെ ഭാഗമായി പരിശോധന റൂമിന്റെ വശങ്ങളിൽ സ്റ്റീൽ മേൽക്കൂര പണിത് ഷീറ്റ് മേയുന്ന പ്രവൃത്തി ചെയ്തിട്ടുണ്ട്.

സ്റ്റീൽ മേൽക്കൂരക്ക് 499.283 കിലോ ട്രസ് വർക്ക് ചെയ്തതിന് പണം നൽകിയിട്ടുണ്ട്. എന്നാൽ മേൽക്കൂരയുടെ റാഫ്റ്ററുകൾ മാത്രമാണ് ട്രസ് വർക്ക് ചെയ്തത്. പർലിനുകൾ സിംഗിൾ സെക്ഷനിലാണ് ചെയ്തിട്ടുള്ളത് എങ്കിലും ട്രസ് വർക്കിന്റെ നിരക്കിൽ പണം നൽകിയിട്ടുണ്ട്. അളവ് പുസ്തകം പ്രകാരമുള്ള ആകെ പർലിൻ പ്രവൃത്തികളുടെ അളവ് 365.662 കിലോ ഗ്രാം ആണ്. ഇതിനു ഡാറ്റാ കോഡ് 10.16.1 പ്രകാരമുള്ള ബിൽട്ടപ്പ് സെക്ഷൻ (ട്രസ്സ്) പ്രവൃത്തിയുടെ നിരക്കായ കിലോഗ്രാമിനു 118.08 നിരക്കിലുള്ള തുകയും ആയതിന്റെ ജിഎസ്ടിയും നൽകിയിട്ടുണ്ട് . എന്നാൽ ഈ പ്രവൃത്തിക്ക് 50.10.2 പ്രകാരമുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് അനുവദനീയമായ 106.88 രൂപ നിരക്കിൽ ആണ് തുക നൽകേണ്ടിയിരുന്നത്. അധികം നൽകിയ തുക 4587 രൂപ രസീതി നമ്പർ 1220103721/19.11.2022 പ്രകാരം തിരികെ ഈടാക്കിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 24/18.11.22 ). മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സൂക്ഷമതയോടെ തയ്യാറാക്കേണ്ടതാണ്. ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഫീൽഡ് അളവിനേക്കാൾ കൂടിയ അളവിനു മൂല്യനിർണ്ണയം നടത്തി. ഗ്രാമപഞ്ചായത്ത് ഫണ്ടിനു 21317 രൂപ നഷ്ടം.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന വിവരങ്ങൾ പ്രകാരമുള്ള പ്രൊജക്റ്റിനു അളവ് പുസ്തകം പ്രകാരമുള്ള അളവിനേക്കാൾ കൂടിയ അളവ് മൂല്യനിർണ്ണയം രേഖയിൽ ഉൾപ്പെടുത്തി കരാറുകാരനു പണം നൽകിയിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് | 226/22 ആലുങ്ങൽപറമ്പ് കുടിവെള്ള പദ്ധതി പൂർത്തീകരണം |
| അടങ്കൽ | 300000 ഫൈനാൻസ് കമ്മീഷൻ ഗ്രാന്റ്. |
| സാങ്കേതിക അനുമതി , തുക | 71816/21-22, 300000 (DsoR 2018 C.I. 36.44%) |
| കരാറുകാരൻ, കരാർ നമ്പർ | കെ.പി മുഹമ്മദ്. , AE/LSGD/TGP/79/21-22 Dated: 25.1.22 |
| കരാർ തുക | 265114 |
| ബിൽ നമ്പർ, ബിൽ തുക | 65/25.3.22, 296928 രൂപ |
| അളവ് പുസ്തകം | 45/21-22 |

അളവ് പുസ്തക പ്രകാരമുള്ള ആകെ അളവും ഫസ്റ്റ് ആന്റ് ഫൈനൽ ബിൽ പ്രകാരമുള്ള മൂല്യനിർണ്ണയ വിവരവും അധികം നൽകിയ തുക സംബന്ധിച്ച വിവരവും താഴെ ചേർക്കുന്നു

| പ്രവൃത്തി ഇനം | ചെയ്ത അളവ്/ | നൽകാവുന്നത് | നൽകിയത് |
|---|---|---|---|

| | | | |
|---|---|---|---|
| | നിരക്ക് | | |
| 40 Mm ഡയ പിവിസി പൈപ്പ് സ്ഥാപിക്കൽ (അളവ് പുസ്തകം പേജ് 1 ,2) | 125 മീറ്റർ/235.42 | 125 X 235.42 = 29427.5 | 154.35 X 235.42 = 36337.07 (അളവ് പുസ്തകം പേജ് 21) |
| 25 Mm ഡയ പിവിസി പൈപ്പ് സ്ഥാപിക്കൽ (അളവ് പുസ്തകം പേജ് 2 - 11) | 844 മീറ്റർ/216.98 | 844 X 216.98 = 183131.12 | 936 X 216.98 = 203093.28 (അളവ് പുസ്തകം പേജ് 22) |
| PTMT Bib Cock സ്ഥാപിക്കൽ | 57 എണ്ണം/ 138.08 | 57 X 138.08 =7870.56 | 57 X 138.08 =7870.56 |
| 75 Mm പിവിസി സ്റ്റാന്റ് പോസ്റ്റ് സ്ഥാപിക്കൽ | 57 എണ്ണം/ 157.52 | 57 X 157.52 =8978.64 | 57 X 157.52 =8978.64 |
| 20 Mm ജിഐ പൈപ്പ് സ്ഥാപിക്കൽ | 57 എണ്ണം/336.12 | 57 X 336.12 = 19158.8 | 57 X 336.12 = 19158.8 |
| ആകെ | | 248566.66 | 275438.39 |
| Ts തുകയിൽ പരിമിതപ്പെടുത്തിയത് | | | 267791.94 |
| 1% ടെണ്ടർ കുറവ് കഴിച്ച് | | 246080.99 | 265114.02 |
| 12% GST | | 29529.71 | 31813.68 |
| ഒട്ടാകെ | | 275610.7 Rounded To 275611 | 296927.07 Rounded To 296928 |

ആകെ അധികം നൽകിയ 21317 രൂപ (296928 – 275611) അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ, അളവ് പരിശോധിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ എന്നിവരിൽനിന്ന് ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/17.11.22 ന മറുപടി നൽകിയിട്ടില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2021-22 | 2021-22 വർഷത്തെ ഓഡിറ്റ് വേളയിൽ പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി നം, പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 3,20,000 | 76/22, ലൈഫ് മിഷൻ ഭവന നിർമ്മാണം-ജനറൽ | 3,20,000 | 0 |
| | 2,80,000 | 71/22, ലൈഫ് മിഷൻ ഭവന നിർമ്മാണം-പട്ടിക ജാതി | 2,80,000 | 0 |
| | 551100 | 115, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് വിതരണം | 551100 | 0 |
| | 400000 | 17, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 64,000 | 76/22, ലൈഫ് മിഷൻ ഭവന നിർമ്മാണം-ജനറൽ | 64,000 | 0 |
| | 10,26,000 | 115, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് വിതരണം | 10,26,000 | 0 |
| | 8880000 | 71/22, ലൈഫ് മിഷൻ ഭവന നിർമ്മാണം-പട്ടിക ജാതി | 8880000 | 0 |
| | 40,000 | 17, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 40,000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | പൂർത്തീകരിച്ച വിവരം | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| KSEB | 188 കൊടശ്ശേരിപ്പറ്റ പടിഞ്ഞാറെ കൊല്ലേരി SC കോളനി ലൈൻ വലിക്കൽ | 15/23.03.22 | 40120 | പൂർത്തീകരിച്ചു | 0 |
| KSEB | 352 വെടിയംകുന്ന് SC കോളനി ലൈൻ വലിക്കൽ | 22101193 Dtd 19.03.2022 | 40045 | പൂർത്തീകരിച്ചിട്ടില്ല | യു.സി. ലഭ്യമാക്കിയിട്ടില്ല |
| KSEB | 248 തെരുവ് വിളക്ക് ലൈൻ വലിക്കൽ | 22101248 Dtd 31.03.2022, 22101006/ 05.03.22 | 4081820 | യു.സി.ലഭ്യമായിട്ടില്ല | 4081820 |
| KSEB | 255 എളങ്കൂർ പി.എച്ച്.സി റോഡ് 3ഫേസ് ലൈൻ വലിക്കൽ | 22100938 Dtd 08.02.2022 | 47118 | പൂർത്തീകരിച്ചു | 0 |
| KSEB | 260, തരിക്കളം ബദൽ സ്കൂൾ കെട്ടിടം വൈദ്യുതീകരണം. | 22100937 Dtd 08.02.2022 | 34516 | പൂർത്തീകരിച്ചു | 0 |
| KSEB | 367, റോഡിലെ പോസ്റ്റ് മാറ്റൽ | 22101081 Dtd 23.03.22 | 107123 | പൂർത്തീകരിച്ചു | 0 |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ പത്രവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം തിയതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുണ്ടായിരുന്ന മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് പദ്ധതി | GO(MS) 68/2018/lsgd Dated 18/05/2018 | 660000 | 12634429 | 1994666 | 0 | 11299763 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| ഓഡിറ്റ് അന്വേഷണ കുറിപ്പ് | ഓഡിറ്റ് അന്വേഷണ കുറിപ്പ് | 227 | ശ്രീമതി. ജിനീഷ കെ | 121010102162/07-09-21 |
| | | 418 | ശ്രീ.ഷാനിൽ | 121010102196/08-09-21 |
| | | 1000 | അസിസ്റ്റന്റ് എഞ്ചിനിയർ | 121010102547/25-09-21 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 2-4 | 2017 | 2-4 | തൊഴിൽ(സ്ഥാപന) നികുതി അടവാക്കാത്തത് (കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ തൃക്കലങ്ങോട്, ബി.എസ്.എൻ.എൽ തൃക്കലങ്ങോട് , വനിതാ സഹകരണ സംഘം എളങ്കൂർ ) ,<br><br>തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്തത്.( പീസ് പബ്ലിക് സ്കൂൾ ,എക്സ്റ്റർ കോളേജ് ഓഫ് സയൻസ് ,ഇ.കെ.സി ഏറനാട് ക്നോളജ് സിറ്റി മഞ്ചേരി) | ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകി, വനിതാ സഹകരണ സംഘം എളങ്കൂർ എന്ന സ്ഥാപനം പിഴയുൾപ്പടെ തുക ഈടാക്കി (റസീ.നം 118010104030 തി. 24/9/18)<br><br>10/12/16 ന് 11501103954,3955,3956,3957,3958 എന്നീ രശീതികൾ പ്രകാരം പിഴ സഹിതം തുക അടവാക്കി |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

(എ). ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി). സർചാർജ് നടപടി വഴി ഈടാക്കിയ തുക

സർചാർജ് നടപടികളുടെ വിവരം

| ക്ര | റിപ്പോർട്ട് | ഖണ്ഡിക | ഉത്തരവാദിയായ | സർചാർജ് സർട്ടിഫിക്കറ്റ് | ഇപ്പോഴത്തെ |
|---|---|---|---|---|---|

| നം | വർഷം | നംപർ | വ്യക്തി | നംപർ/തീയതി | തുക | അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2016-17 | 3-6. | ശ്രീ.കുഞ്ഞൻ ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്. പുലത്ത്. | KSAMPM5/1953/2017 | 75000 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു |

## 4-10 ഓഡിറ്റ് പ്രത്യാവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 36975137 |
| ഓഡിറ്റ് വർഷത്തെ വരവ് | 156337204 |
| ആകെ | 193312341 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 136740763 |
| നീക്കിയിരിപ്പ് | 56571578 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 21317 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4223139 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | . | 21317 | ശ്രീ. അരുൺ ടി, അസി. എഞ്ചിനിയർ |
| ആകെ | . | 21317 | |

(സി). ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 4121865 | ശ്രീ. കെ.പി.എം നവാസ്, സെക്രട്ടറി |
| 1-31 | 101274 | ശ്രീമതി ഗീത.പി, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 4223139 | |

(ഡി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അരുൺ ടി, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, ചളവറ ഗ്രാമ പഞ്ചായത്ത് | അക്ഷയ, മഹാത്മ റോഡ്, വിയ്യൂർ, തൃശ്ശൂർ-680010 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ എഫ് എം15/509/2000/23.10.10 | 2 |
| 1997-98 | എൽ എഫ് എം6/1359/07/23.10.10 | 33 |
| 1998-99 | എൽ എഫ് എം15/979/07 തീയതി 23-10-10 | 33 |
| 1999-00(വരവ്) | എൽ എഫ് എം 6/1779/07 തിയതി 23-10-10 | 8 |
| 2000-01(വരവ്) | എൽ എഫ് എം6/1780/07 തീ.തി 23.10.10 | 9 |
| 2001-02(വരവ് | എൽ എഫ് എം6/1781/07/23.10.10 | 11 |
| 1999-02(ചെലവ്) | എൽ എഫ് എം6/1537/07/23.10.10 | 60 |
| 2002-03 | എൽ എഫ് എം6/1782/07/23.10.10 | 15 |
| 2003-04 | എൽ എഫ് എം6/1972/07/23.10.10(2) | 57 |
| 2004-05 | എൽ എഫ് എം6/1736/08/23.10.10 | 16 |
| 2005-06 | എൽ എഫ് എം6/1737/08/13.2.09 | 8 |
| 2006-07 | കെ എസ് എ എം പി എം 9/2004/22(1)/27.09.22 | 15 |
| 2007-08 | കെ എസ് എ എം പി എം 9/2004/22(2)/27.09.22 | 10 |
| 2008-09 | കെ എസ് എ എം പി എം 9/2004/22(3)/27.09.22 | 9 |
| 2009-10, 2010-11 | കെ എസ് എ എം പി എം 9/2004/22(4)/27.09.22 | 6 |
| 2011-12, 2012-13 | കെ എസ് എ എം പി എം 9/2004/22(5)/27.09.22 | 16 |
| 2013-14, 2014-15 | കെ എസ് എ എം പി എം 9/2004/22(6)/27.09.22 | 14 |
| 2015-16 | കെ എസ് എ എം പി എം9/2242/18/06.03.19 | 18 |
| 2016-17 | കെ എസ് എ എം പി എം9/1385/2018/09.07.19 | 15 |
| 2017-18 | കെ എസ് എ എം പി എം9/2437/18/22.02.19 | 19 |
| 2018-19 | കെ.എസ്.എ.എം.പി.എം.9/1113/2020 തീയതി 30-09-2020 | 13 |
| 2019-20 | കെ.എസ്.എ.എം.പി.എം.9/1418/2021 തീയതി 20-08-2022 | 18 |
| 2020-21 | കെ.എസ്.എ.എം.പി.എം.9/1419/2021 തീയതി 13-09-2022 | 28 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്